# ഗവൺമെൻറ് ലോവർ പ്രൈമറി സ്കൂൾ ചെറായി സൗത്ത്
# സ്കൂൾ മാസ്റ്റർ പ്ലാൻ 2025- 26

<u>ആമുഖം</u>

4- 3 -1909 ലാണ് ഈ വിദ്യാലയം ആരംഭിച്ചത്. സ്വാതന്ത്ര്യ ലഭിക്കുമുൻപ് രാജഭരണ കാലത്താണ് ഇതിൻറെ തുടക്കം. കൊച്ചി രാജാവിൻറെ കീഴിൽ പെൺപള്ളിക്കൂടമായി ശ്രീ രാമവർമ്മ മഹാരാജാവിന്റെ നാമധേയത്തിൽ ആരംഭിക്കുകയും പിന്നീട് ഗവൺമെൻറ് ലോവർ പ്രൈമറി ഗേൾസ് സ്കൂൾ എന്ന പേര് വരികയും ചെയ്തതായി രേഖകളിൽ നിന്നും മനസ്സിലാക്കുന്നു. ഈ പ്രദേശത്തെ ഭൂരിഭാഗം പേരും ഈ വിദ്യാലയത്തിൽ നിന്നാണ് ആദ്യാക്ഷരം കുറിച്ചിട്ടുള്ളത്. ഈ സ്കൂളിൽ ഇപ്പോൾ ജോലി ചെയ്യുന്ന ഒരു അധ്യാപിക തന്നെ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥിനിയാണ്. പ്രഗത്ഭരായ ധാരാളം അധ്യാപകർ ഔദ്യോഗിക സേവനം അനുഷ്ഠിച്ചിട്ടുള്ള ഈ വിദ്യാലയത്തിൽ ഇപ്പോൾ ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളും നേഴ്സറിയും (എൽകെജി & യുകെജി) പ്രവർത്തിക്കുന്നു. ഇരുവിഭാഗങ്ങളിലുമായി ആകെ 47 കുട്ടികൾ പഠിക്കുന്നു.

റവന്യൂ ജില്ല: എറണാകുളം

- വിദ്യാഭ്യാസ ജില്ല: എറണാകുളം
- ഉപജില്ല: വൈപ്പിൻ
- ബി ആർ സി: വൈപ്പിൻ
- ഗ്രാമപഞ്ചായത്ത്:പള്ളിപ്പുറം
- ബ്ലോക്ക് പഞ്ചായത്ത്:വൈപ്പിൻ

<u>പരിശീലനം</u>

എസ് എസ് എ നടപ്പാക്കിയിട്ടുള്ള എല്ലാ അധ്യാപക പരിശീലനങ്ങളിലും എല്ലാ അധ്യാപകരും പങ്കെടുക്കാറുണ്ട്.

<u>ഫലപ്രാപ്തി</u>

കോഴ്സുകളുടെ നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നുണ്ട്.

<u>പഠനനിലവാരം</u>

പഠന നിലവാരത്തിൽ മികച്ച നിൽക്കുന്ന കുട്ടികളാണ് ഈ സ്കൂളിലേത്. അസംബ്ലിയിൽ പത്രവാർത്ത വായന, വായനക്കുറിപ്പ് വായന എന്നിവ നടത്താറുണ്ട്.

<u>വിശകലനം</u>

കുട്ടികളുടെ എണ്ണം മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചു വരികയാണ്. 2024- 25 അധ്യായന വർഷത്തെ അപേക്ഷിച്ച് 1 മുതൽ 4 വരെ ക്ലാസുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. വരും വർഷങ്ങളിൽ കൂടുതൽ കുട്ടികൾ പ്രവേശനം നേടുമെന്ന് പ്രതീക്ഷിക്കുന്നു.

<u>പ്രീപ്രൈമറി</u>

2015- 16 അധ്യായന വർഷത്തിൽ സ്കൂളിൽ പ്രീ പ്രൈമറി ആരംഭിച്ചു. ആദ്യം ആറ് കുട്ടികളുമായി തുടങ്ങിയ നഴ്സറി ക്ലാസ്സിൽ ഇപ്പോൾ 15 കുട്ടികൾ പഠിക്കുന്നു.

## <u>SMC</u>

ദിനാചരണങ്ങൾ, കൃഷി, സ്കൂൾ പരിസരം വൃത്തിയാക്കൽ, മേളകൾ, മറ്റ് പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയിൽ SMC അംഗങ്ങൾ സജീവമാണ്. സ്കൂളിലെ എല്ലാ പ്രവർത്തനങ്ങൾക്കും എസ്എംസിയുടെ സപ്പോർട്ട് വളരെ എടുത്തു പറയത്തക്കതാണ്.

## <u>PEC</u>

പിഇ സി യിൽ പങ്കെടുത്ത് റിപ്പോർട്ടുകൾ അവതരിപ്പിക്കാറുണ്ട്.

## <u>BRC</u>

ബി ആർ സി ട്രൈനേഴ്സ് സ്കൂൾ സന്ദർശിക്കാറുണ്ട്. പട്ടി ക്ലസ്റ്റർ കോഡിനേറ്റർ ആയ A.R. ഷബീന ബീവി ടീച്ചറിന്റെ സേവനം ലഭ്യമാണ്.

<u>മോണിറ്ററിംഗ്</u>

AEO സ്കൂൾ സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്.

## ICT

പ്രവർത്തന യോഗ്യമായ രണ്ട് ലാപ്ടോപ്പുകളും രണ്ട് പ്രോജക്ടുകളും ഉണ്ട്. എല്ലാ കുട്ടികൾക്കും കളിപ്പെട്ടി എന്ന പാഠപുസ്തകത്തിന് അനുസൃതമായി ICT സാധ്യതകൾ ഉപയോഗിച്ച് പരിശീലനം നൽകുന്നു. പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി ICT പ്രയോജനപ്പെടുത്താറുണ്ട്. ഈ വർഷം K-FONE സൌകര്യം വിദ്യാലയത്തിൽ ലഭ്യമായി.

**ഭൗതികം**

4 ക്ലാസ് മുറികളാണ് നിലവിലുള്ളത്. പ്രത്യേക ലൈബ്രറി റൂം ഇല്ല. ലൈബ്രറി പുസ്തകങ്ങൾ ഒരു അലമാരയിൽ സൂക്ഷിക്കുകയും കുട്ടികൾക്ക് ക്ലാസ് മുറികളിൽ വായിക്കാനായി നൽകുകയും ചെയ്യുന്നു. നിലവിൽ 5 ടോയ്ലറ്റും, മൂന്ന് യൂണിറ്റിന്റെ രണ്ട് യൂറിനലും ഉണ്ട്. ടോയ്ലറ്റിൽ ഒരെണ്ണം കുട്ടികൾക്കുള്ള Adapted Toilet ആണ്. നിലവിൽ ഒരു Ramp ഉണ്ട്.

**കുടിവെള്ള സ്രോതസ്സ്**

Tap water ആണ് എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നത്. കുട്ടികൾ തിളപ്പിച്ചാറിയ വെള്ളം കൊണ്ടുവരാറുണ്ട്. കൂടാതെ കുട്ടികൾക്കായി തിളപ്പിച്ചാറ്റിയ വെള്ളം നൽകാറുണ്ട്. പ്രവർത്തന യോഗ്യമായ ഒരു water purifier ഉണ്ട്.

## ഫർണിച്ചർ

എല്ലാ ക്ലാസ് മുറികളിലേക്കും ഡൈനിങ് റൂമിലേക്കും ആവശ്യമായ ഫർണിച്ചർ ഉണ്ട്.

**പാചകപ്പുര**

അടുക്കളയിൽ ഗ്യാസ് അടുപ്പ് ആണ് ഉപയോഗിക്കുന്നത്. 2023-24 അധ്യയന വർഷം മുതൽ പഞ്ചായത്ത് നിർമ്മിച്ച അടച്ചുറപ്പുള്ളതും സാധനങ്ങൾ സൂക്ഷിച്ചുവെക്കാൻ സൗകര്യമുള്ളതുമായ ഡൈനിങ് റൂം അനുബന്ധിത പാചകപ്പുരയാണ് പാചകം ചെയ്യുന്നതിനും സാധനങ്ങൾ സൂക്ഷിക്കുന്നതിനും കുട്ടികൾ ഭക്ഷണം കഴിക്കുന്നതിനും ഉപയോഗിക്കുന്നത്. അടുക്കളയിൽ പൈപ്പ് കണക്ഷൻ കിട്ടിയിട്ടുണ്ട്. വൈദ്യുതി ലഭിച്ചിട്ടില്ല.

**ഉച്ചഭക്ഷണം**

വിഭവ സമൃദ്ധവും പോഷകഗുണങ്ങളുമുള്ള ഭക്ഷണമാണ് നൽകി വരുന്നത്. പാചകപ്പുരയോടനുബന്ധിച്ച് ഡൈനിങ് റൂം ഉണ്ട്. അവിടെ ബെഞ്ചുകളും ഇട്ട് ഭക്ഷണം വിളമ്പുന്നു. ഈ സ്കൂൾ വളപ്പിൽ വിളയുന്ന വിഷ രഹിത ജൈവ പച്ചക്കറികളും കൂടാതെ കുട്ടികളുടെ വീടുകളിൽ ഉണ്ടാകുന്ന പച്ചക്കറികളും ഇവിടെ കറികളിൽ ഉൾപ്പെടുത്താറുണ്ട്.

**ലാബ്- ലൈബ്രറി**

ലാബ് ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ ഉണ്ട്. ലാബ് ഉപകരണങ്ങൾ ഓഫീസിലാണ് സൂക്ഷിച്ചിരിക്കുന്നത്. ലൈബ്രറി പുസ്തകങ്ങൾ ഓഫീസിൽ ഒരു പ്രത്യേക അലമാരയിലും, ക്ലാസ് മുറികളിലെ വായന മൂലയിലും സൂക്ഷിച്ചിരിക്കുന്നു.

**പഠനോപകരണങ്ങൾ**

ആവശ്യമായ എല്ലാ പഠനോപകരണങ്ങളും ഈ വിദ്യാലയത്തിന് സ്വന്തമായി ഉണ്ട്.

**കളിസ്ഥലം**

സ്കൂളിൻറെ മുമ്പിലും പിറകിലും കുട്ടികൾക്ക് വ്യായാമത്തിനും കളിക്കാനും ആയി ധാരാളം സ്ഥലമുണ്ട്. ധാരാളം ഉള്ളതിനാൽ നല്ല തണൽ ലഭിക്കുന്നുണ്ട്. ഭീഷണിയായി നിന്നിരുന്ന മരക്കൊമ്പുകൾ അധ്യായന വർഷാരംഭത്തോടനുബന്ധിച്ച് മുറിച്ചു നീക്കുകയുണ്ടായി. പടിഞ്ഞാറുവശത്ത് പ്രവർത്തിച്ചിരുന്ന ഉപയോഗശൂന്യമായ പഴയ സ്കൂൾ കെട്ടിടം പൊളിച്ചു നീക്കിയിട്ടില്ല.

## മിനി പാർക്ക്

കുട്ടികൾക്കായി ഒരു മിനി പാർക്ക് ഇവിടെ ഒരുക്കിയിട്ടുണ്ട്. സീസോ, സ്ലൈഡ്, മെറിഗോ റൗണ്ട് എന്നിവ ഉപയോഗയോഗ്യമാണ്.

**ദിനാചരണങ്ങൾ**

ദിനത്തിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കാൻ ഓരോ ദിനത്തിലും യോജിച്ച രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. സ്പെഷ്യൽ അസംബ്ലി, ക്വിസ്, ചുമർപതിക, പ്ലക്കാർഡ്, പോസ്റ്റർ നിർമ്മാണം, റാലി എന്നിവയിലൂടെ ദിനങ്ങളുടെ പ്രാധാന്യം വ്യക്തമാക്കുന്നു

**പഠനാനുബന്ധ പ്രവർത്തനങ്ങൾ**

ലഹരിക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസുകൾ ICT സഹായത്തോടെ എടുക്കുന്നു. കുട്ടികളെ മാനസികവും കായികവുമായി ആരോഗ്യമുള്ളവരാക്കാൻ സുംബാ ഡാൻസ്, യോഗ, കരാട്ടെ, ലഘു വ്യായാമങ്ങൾ, കളികൾ എന്നിവ പരിശീലിപ്പിക്കുന്നു. പ്രവൃത്തിപരിചയം, കലാ വിദ്യാഭ്യാസം, എന്നിവയും പഠിപ്പിക്കുന്നു.

ആഴ്ചയിൽ ഒരിക്കൽ സർഗ്ഗ വേള എന്ന പേരിൽ കുട്ടികളുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നു.

കുട്ടികളിൽ ശുചിത്വ ശീലങ്ങൾ വളർത്താനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. ശുചിത്വ ചാർട്ട് പ്രദർശിപ്പിക്കുന്നു. ദന്ത സംരക്ഷണത്തെ കുറിച്ചുള്ള ക്ലാസ്സ് ജൂൺ മാസത്തിൽ നടത്തും.

കുട്ടികളുടെ ജന്മദിനത്തിൽ മിഠായി നൽകുന്നതിന് പകരം പച്ചക്കറി നൽകുന്നത് പ്രോത്സാഹിപ്പിക്കും. പ്ലാസ്റ്റിക്കിനെതിരെയുള്ള ബോധവൽക്കരണമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കുകയും ഹരിത കർമ്മ . സേനക്ക് കൈമാറുകയും ചെയ്യുന്നു.

ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വായനയെ പരിപോഷിപ്പിക്കൽ | വായനകാർഡുകൾ,ബാലമാസികകൾ, ബാലസാഹിത്യകൃതികൾ, പതിപ്പുകൾ മുതലായവ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു ക്ലാസ് ലൈബ്രറിപുസ്തകവായന. വായനകാകുറിപ്പ് തയ്യാറാക്കൽ. നാട്ടുവായന- പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം. കവിതകൾ ശേഖരിക്കൽ ഈണം നൽകൽ താളത്തിൽ ചൊല്ലൽ | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ SRG, PTA |
| എഴുതാം തെളിയാം | രക്ഷിതാക്കാളുടെയും അധ്യാപകരുടെയും സഹാത്തോടെ സ്വന്തം നിലയിലൊ പ്രതിദിനഡയറി എഴുതുന്നു | ജൂൺ-ഡിസംബർ | ക്ലാസ് ടീച്ചർ SRG, PTA |
| സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിന് | സ്വന്തമായി കഥകളും കവിതകളും എഴുതുന്നു. രചനകൾ ബാലമാസികകളിൽ പ്രസിദ്ധീകരിക്കുന്നു.സ്കൂൾ മാഗസീൻ തയ്യാറാക്കുന്നു | ആഗസ്റ്റ്-സെപ്റ്റംബർ | SRG |

പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരം ഒരുക്കുന്നു, പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നു. | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ഔഷധത്തോട്ടം, പച്ചക്കറി ത്തോട്ടം, പൂന്തോട്ടം എന്നിവ നിർമ്മിക്കുന്നു. പച്ചക്കറിതോട്ടത്തിൽ വിളയുന്ന വിഷ രഹിത ജൈവ പച്ചക്കറി സ്കൂൾ പാചകപ്പുരയിലേക്ക്.... വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുന്നു. അവയുടെ വളർച്ച നിരീക്ഷിച്ച് ഡയറികുറിപ്പ് എഴുതുന്നു. . പ്ലാസ്റ്റിക്കിനെതിരെയുള്ള അവബോധം സൃഷ്ടിക്കുന്നു. മാലിന്യങ്ങൾ വേർതിരിച്ച സംസ്കരിക്കുന്നു. ജൈവ മാലിന്യം, അജൈവമാലിന്യം, ഹാനികരമായ മാലിന്യം എന്നിങ്ങനെ വേർതിരിക്കുന്നു. ഹരിത കർമ്മ സേനയ്ക്ക് കൈമാറാവുന്നവ കൈമാറുന്നു. ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നു. | ജൂൺ-മാർച്ച് | അധ്യാപകർ,Non-teaching staff |
| നാട്ടുരുചി:- തനതായ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള – പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിൽ ഒരുസദ്യ | വർഷത്തിൽ ഒരു തവണ | അധ്യാപകർ,Non-teaching staff |
| പ്രത്യക്ഷ അനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ,സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ ഒരു തവണ | അധ്യാപകർ, നോൺ ടീച്ചിംഗ് സ്റ്റാഫ് |
| ജ്യോതിശാസ്ത്ര ആശയങ്ങൾ പരിചയപ്പെടലും ശാസ്ത്രബോധം സൃഷ്ടിക്കൽ | ശാസ്ത്ര അധ്യാപകർ നയിക്കുന്ന പ്രവർത്തനാധിഷ്ഠിതമായ ക്ലാസുകൾ, വീഡിയോ പ്രദർശനം<br>ശാസ്ത്ര മാസികകൾ വായന | ജൂലൈ<br>എല്ലാ മാസവും | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പരീക്ഷണ ശിൽപ്പശാല നടത്തുന്നു ശാസ്ത്രമേള നടത്തുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | അധ്യാപകർ |
| ശുചിത്വ ശീലങ്ങൾ വളർത്തുന്നതിന് | ഐസിടി സഹായത്തോടെ ശുചിത്വ ശീലത്തെക്കുറിച്ച് ക്ലാസ് എടുക്കുന്നു. ശുചിത്വ ചാർട്ട് തയ്യാറാക്കി കുട്ടികൾ ശുചിത്വം പാലിക്കുന്നത് രേഖപ്പെടുത്തുന്നു.. ദന്തസംരക്ഷണത്തെക്കുറിച്ച് പ്രത്യേക ക്ലാസ് | ജൂൺ | എസ് ആർ ജി |
| | | | |
| | | | |

ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം. ഗണിത പ്രശ്നോത്തരി<br><br>സ്കൂൾ അസംബ്ലിയിൽ കുസൃതി കണക്കുകളും ഗണിത പസിലുകളും ഉൾപ്പെടുത്തുന്നു | ആഴ്ചയിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ |
| ഗണിതം മധുരം..<br>ഗണിത പഠനം രസകരമാക്കൽ, | ഗണിതകേളികൾ. കളിനോട്ടുകളും അബാക്കസ്, ഏണിയും പാമ്പും മുതലായ പഠനോപകരണങ്ങളും ഉപയോഗിച്ച് ഗണിത കളികൾ കളിക്കുന്നു. സ്ഥാന വില പോക്കറ്റ്, കമ്പുകെട്ടുകൾ എന്നിവ ഉപയോഗിക്കുന്നു. ഐടി സാധ്യതകൾ പ്രയോജനപ്പെടുത്തി കളികളിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നു | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| ഒറിഗാമിയിലൂടെ പഠിക്കാം | ഒറിഗാമി രൂപങ്ങളുടെ നിർമാണം, പ്രദർശനം<br>ഗണിതശാസ്ത്ര പഠനം രസകരമാക്കൽ, കര ചലനശേഷി വികാ | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ |
| ഗണിത പഠനം സുതാര്യമാക്കൽ ഗണിത ലാബ് ഉപയോഗപ്പെടുത്തൽ | ഗണിത ലാബ് | വർഷം മുഴുവൻ | എസ് ആർ ജി,ക്ലാസ് ടീച്ചർ |

ഇംഗ്ലീഷ് : ഭാഷ എന്ന വിഭാഗത്തിലെ സാധ്യമായ എല്ലാ പ്രവർത്തനങ്ങളും ഇംഗ്ലീഷിലും നടത്തുന്നതാണ്

| | | | |
|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ | ഇംഗ്ലീഷ് അസംബ്ലി<br><br>അസംബ്ലി ചേരൽ | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് തീയേറ്റർ<br><br>ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, conversation, story telling) | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| വായന പരിപോഷണം | ഇംഗ്ലീഷ് കോർണർ<br><br>കുട്ടികളുടെ നിലവാരത്തിന് അനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായന മൂല ഒരുക്കൽ, വായന വേള ഒരുക്കൽ, വായനക്കുറിപ്പ് തയ്യാറാക്കൽ | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ |
| | | | |
| | | | |